# പതിമൂന്നാം കേരള നിയമസഭ
## പതിനാലാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 1260

01.07.15 ൽ - മറുപടിക്ക്

## റേഷൻകടകൾ, റേഷൻ കാർഡുകൾ

**ചോദ്യം**

ശ്രീ. പി.സി.ജോർജ് :

**ഉത്തരം**

ശ്രീ. അനൂപ് ജേക്കബ്
(ഭക്ഷ്യവും സിവിൽസപ്ലൈസും ഉപഭോക്തൃസംരക്ഷണവും, രജിസ്ട്രേഷനും വകുപ്പു മന്ത്രി)

(എ) കേരളത്തിൽ ആകെ എത്ര റേഷൻകടകൾ നിലവിലുണ്ട്; ജില്ല തിരിച്ച് വ്യക്തമാക്കുമോ;

(എ) കേരളത്തിൽ ആകെ 14336 അംഗീകൃത ചില്ലറ വ്യാപാര ശാലകൾ ഉണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ ചുവടെ ചേർക്കുന്നു.

| | | |
|---|---|---|
| തിരുവനന്തപുരം | - | 1883 |
| കൊല്ലം | - | 1421 |
| പത്തനംതിട്ട | - | 833 |
| ആലപ്പുഴ | - | 1254 |
| കോട്ടയം | - | 990 |
| ഇടുക്കി | - | 701 |
| എറണാകുളം | - | 1343 |
| തൃശ്ശൂർ | - | 1201 |
| പാലക്കാട് | - | 936 |
| മലപ്പുറം | - | 1239 |
| കോഴിക്കോട് | - | 974 |
| വയനാട് | - | 315 |
| കണ്ണൂർ | - | 858 |
| കാസർഗോഡ് | - | 388 |
| ആകെ | - | 14,336 |

(ബി) റേഷൻകടകളിൽ എത്ര തരത്തിലുള്ള റേഷൻ കാർഡുകൾ ഉണ്ട്; ഇവ ഏതൊക്കെയെന്നും എന്തു മാനദണ്ഡം വച്ചാണ് റേഷൻ കാർഡുകൾ ഉപഭോക്താവിന് നൽകുന്നത് എന്നുമറിയിക്കുമോ ;

(ബി) റേഷൻ കാർഡുകൾ നൽകുന്നതിന്റെ പൊതുവായ മാനദണ്ഡം താഴെ കൊടുക്കുന്നു:

ഇന്ത്യൻ പൗരനായ വ്യക്തിയായിരിക്കണം. ബന്ധപ്പെട്ട വില്ലേജ് ആഫീസറിൽ നിന്നുള്ള വരുമാന സർട്ടിഫിക്കറ്റ്, തദ്ദേശസ്വയംഭരണ സ്ഥാപനത്തിൽ നിന്നുമുള്ള താമസസ്ഥല സാക്ഷ്യപത്രം, കുടുംബ റേഷൻകാർഡ്, കുടുംബ റേഷൻകാർഡുടമയുടെ സമ്മതപത്രം, ഒരുറേഷൻ കാർഡിലും പേരില്ലാത്ത വ്യക്തിയാണെങ്കിൽ ബന്ധപ്പെട്ട പഞ്ചായത്ത് പ്രസിഡന്റ്/ മുനിസിപ്പൽ ചെയർമാൻ/ എം.എൽ.എ/ എം.പി. എന്നിവരിൽ ഒരാളുടെ സാക്ഷ്യപത്രം കൂടി ആവശ്യമാണ്.

റേഷൻ കടകളിൽ അഞ്ച് തരത്തിലുള്ള റേഷൻകാർഡുകളാണുള്ളത്. ഇവ താഴെപറയും പ്രകാരമാണ്.

1) എ.പി.എൽ. (നോർമൽ)

2) എ.പി.എൽ. (എസ്.എസ്)

പ്രതിമാസ കുടുംബ വരുമാനം 25,000/- രൂപയിൽ കുറവും 2.5 ഏക്കറിൽ കുറഞ്ഞ സ്ഥലവുമുള്ള കുടുംബങ്ങൾക്ക് 7/11 വരെ ഈ സ്കീം അനുസരിച്ചുള്ള റേഷൻകാർഡ് നൽകിയിരുന്നു.

3) ബി.പി.എൽ.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ തിരഞ്ഞെടുത്തു നൽകുന്ന ദാരിദ്ര്യ രേഖയ്ക്ക് താഴെയുള്ളവരും 2009 ലെ ബി.പി.എൽ. പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളവരും 27.04.2012 ലെ സ.ഉ(കൈ) നം.112/12 പ്രകാരം ജില്ല കളക്ടർ ഉൾപ്പെടുത്തുന്നവരും.

4) എ.എ.വൈ.

ദരിദ്രരിൽ ദരിദ്രരായവരായി ഗ്രാമസഭകൾ തിരഞ്ഞെടുത്ത് നൽകുന്ന ഗുണഭോക്താക്കൾ

5) അന്നപൂർണ്ണ

നാഷണൽ ഓൾഡ് ഏജ് പെൻഷൻ സ്കീം പ്രകാരം പെൻഷന് അർഹതയുള്ളവരും എന്നാൽ യാതൊരു വിധ പെൻഷൻ ലഭിയ്ക്കാത്തവരുമായ 65 വയസ്സിന് മുകളിൽ പ്രായമുള്ളവർ

(സി) ഓരോ കാർഡിനും എന്തൊക്കെ സാധനങ്ങൾ ഏതളവിലാണ് നൽകിവരുന്നത്; വിശദമാക്കുമോ ;

(സി)

<u>പ്രതിമാസം</u>

| | അരി (Kg) | ഗോതമ്പ് (Kg) | പഞ്ചസാര (ഗ്രാം |
|---|---|---|---|
| എ.പി.എൽ. | 8–10 | 2 | Nil |
| എ.പി.എൽ. (എസ്.എസ്) | 8–10 | 2 | Nil |
| ബി.പി.എൽ | 25 | 7 | 400 gm/ Member |
| എ.എ.വൈ | 35 | Nil | 400 gm/ Member |
| അന്നപൂർണ്ണ | 10 (സൗജന്യം) | Nil | Nil |

മണ്ണെണ്ണ എല്ലാ വിഭാഗക്കാർക്കും വൈദ്യുതീകരിച്ച വീടുകൾക്ക് സ്റ്റോക്കിന്റെ ലഭ്യതയ്ക്കനുസരിച്ച് ഒന്ന്/അര ലിറ്ററും വൈദ്യുതീകരിക്കാത്ത വീടുകൾക്ക് 4 ലിറ്ററും നൽകുന്നു.

(ഡി) ഒരു മാസത്തിൽ എത്ര തവണയാണ് ഒരു കാർഡ് ഉടമയ്ക്ക് റേഷൻ സാധനങ്ങൾ കൊടുക്കുന്നത്; വിശ

(ഡി) മാസത്തിലൊരിക്കലോ പരമാവധി 4 തവണകളായോ അരി, ഗോതമ്പ് എന്നിവ വാങ്ങാവുന്നതാണ്. പഞ്ചസാര, മണ്ണെണ്ണ എന്നിവ മാസത്തിലൊരിക്കൽ വാങ്ങാവുന്നതാണ്.

| | | | |
|---|---|---|---|
| (ഇ) | ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റേഷൻ കടകളിൽ സാധനങ്ങൾ കൊടുക്കുന്നതുമായി ബന്ധപ്പെട്ട എന്തൊക്കെ മാറ്റങ്ങൾ വരുത്തിയിട്ടുണ്ട്; | (ഇ) | മാറ്റങ്ങളൊന്നും വരുത്തിയിട്ടില്ല. |
| (എഫ്) | മിനിമം എത്ര കാർഡുകളാണ് ഒരു റേഷൻ കടയ്ക്ക് വേണ്ടത്; | (എഫ്) | ഏറ്റവും കുറഞ്ഞത് 400 കാർഡുകൾ വേണം. ഭൂപ്രദേശത്തിന്റെ പ്രത്യേകതകൾ മറ്റു സൗകര്യങ്ങളുടെ ലഭ്യതക്കുറവ് എന്നിവ കണക്കിലെടുത്ത് ഈ നിബന്ധനയിൽ ഇളവ് അനുവദിക്കാറുണ്ട്. |
| (ജി) | ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം എത്ര ഹോൾസെയിൽ ഷോപ്പുകൾക്ക് അനുവാദം നൽകിയിട്ടുണ്ട്; ഇവ എവിടെയൊക്കെയാണെന്നും ഏതൊക്കെയെന്നും അറിയിക്കുമോ; ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര പുതിയ റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ട്; ഇവ എവിടെയൊക്കെയാണെന്ന് ജില്ല തിരിച്ച് വിശദമാക്കുമോ? | (ജി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയതായി മൊത്തവിതരണ ശാലകൾ അനുവദിച്ചിട്ടില്ല. മലപ്പുറം ജില്ലയിൽ തിരൂർ താലൂക്കിൽ മുമ്പ് പ്രവർത്തിച്ചിരുന്ന 2 മൊത്ത വിതരണ ശാലകൾ രാജി വച്ചതിന്റെ അടിസ്ഥാനനത്തിൽ ചെമ്പ്രയിൽ ശ്രീമതി സി.കെ. ബീന ലൈസൻസിയായി 12-ാം നമ്പർ മൊത്ത വിതരണശാലയും കോട്ടക്കലിൽ ശ്രീ. സെയ്തലവി ലൈസൻസിയായി 5-ാം നമ്പർ മൊത്ത വിതരണ ശാലയും ജില്ലാ കളക്ടർ തലത്തിൽ പുനർനിയമനം നടത്തിയിട്ടുണ്ട്.<br><br>പുതിയതായി 115 റേഷൻ കടകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ജില്ല തിരിച്ചുള്ള കണക്കുകൾ താഴെ പറയും പ്രകാരമാണ്. |

| | |
|---|---|
| തിരുവനന്തപുരം | 19 |
| കൊല്ലം | 3 |
| പത്തനംതിട്ട | 1 |
| ആലപ്പുഴ | 1 |
| കോട്ടയം | 4 |
| ഇടുക്കി | 9 |
| എറണാകുളം | 9 |
| തൃശ്ശൂർ | – |
| പാലക്കാട് | 29 |
| മലപ്പുറം | 19 |
| കോഴിക്കോട് | 8 |
| വയനാട് | 7 |
| കണ്ണൂർ | 1 |
| കാസർഗോഡ് | 5 |
| ആകെ | 115 |

ഓരോ ജില്ലയിലും അനുവദിച്ച സ്ഥലം സംബന്ധിച്ച വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്